Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

23.04.2026

# മായാതെ പാൽപുഞ്ചിരി കാത്തവർക്ക് മധുരവും ആനന്ദകണ്ണീരുമായി ഷഹാന

മാഞ്ഞുപോകുമായിരുന്ന പാൽപുഞ്ചിരി കോരിയെടുത്ത് പുതുജീവനേകിയപ്പോൾ കുഞ്ഞിപ്പൈതലിനും അമ്മക്കും മാത്രമല്ല ഉറ്റവർക്കെല്ലാം അവിശ്വസനീയമായ ആഹ്ലാദം. ഗർഭാശയത്തിൽ 21 ആഴ്ച്ച മാത്രം വളർച്ചയുള്ള കുഞ്ഞ് പുറത്തുവരാറായി ഗുരുതരാവസ്ഥയിൽ തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ എത്തിച്ച ഇരുപത്തിമൂന്നുകാരിയായ ഗർഭിണി ഷഹാനക്കും ഇത് പുതുജന്മം. ഇരുപത്തിമൂന്നാം ആഴ്ച്ചയിൽ ജനിച്ച കുഞ്ഞ് നവജാതശിശു തീവ്രപരിചരണ വിഭാഗത്തിൽ 120 ദിവസത്തെ പരിചരണത്തിനുശേഷം പൂർണ ആരോഗ്യത്തോടെ ഇക്കഴിഞ്ഞ ദിവസം വീട്ടിലേക്ക് മടങ്ങി. പരിചരിച്ച ഡോക്ടർമാർക്കും സിസ്റ്റേഴ്സിനും മധുരം സമ്മാനിച്ച് ആശുപത്രിയോട് വിട പറയുമ്പോൾ ആ കുടുംബത്തിന്റെ കണ്ണിൽ ആനന്ദാശ്രുക്കൾ നിറഞ്ഞു.

ഷഹാന ഇരുപത്തൊന്ന് ആഴ്ച്ചയും നാലു ദിവസവും ഗർഭിണിയായിരിക്കെയാണ് ബന്ധുക്കൾ മറ്റൊരു ആശുപത്രിയിൽ നിന്ന് ജൂബിലി മിഷനിലേക്ക് എത്തിച്ചത്. ഗർഭാശയമുഖം ഒമ്പതു സെന്റീമീറ്റർ തുറന്ന് രക്തസ്രാവത്തോടെ കുഞ്ഞ് പുറത്തേക്ക് വരാൻ തുടങ്ങിയിരുന്നു. പൂർണവളർച്ചയോടെ പ്രസവിക്കാൻ 40 ആഴ്ച്ച വേണമെന്നിരിക്കെയാണ് 21 ആഴ്ച്ച വളർച്ചയുള്ള കുഞ്ഞിന്റെ കാലുകളും അമ്നോട്ടിക് ബാഗും പുറത്തായ്കാറായ നിലയിൽ ഷഹാനയെ എത്തിച്ചത്. അമ്മയുടേയും കുഞ്ഞിന്റേയും ജീവൻ നിലനിർത്താനാകുമോയെന്ന ആശങ്കയോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എമർജൻസി എൻസർക്ളേജ് എന്ന ശസ്ത്രക്രിയയിലൂടെ ഗർഭസ്ഥശിശുവിനെ രണ്ടാഴ്ച്ചകൂടി ഗർഭാശയത്തിൽ നിലനിർത്തി. വളർച്ച 23 ആഴ്ച്ചയും രണ്ടുദിവസവും ആയപ്പോഴേക്കും കുഞ്ഞു ജനിച്ചു. ഇത്രയും വളർച്ച കുറവുള്ള കുഞ്ഞുങ്ങളെ രക്ഷിക്കാൻ പ്രയാസമാണ്. വളരെ കുറഞ്ഞ ഭാരവും വളർച്ച പ്രാപിക്കാത്ത അവയവങ്ങളുമുള്ള കുഞ്ഞിനെ തീവ്രപരിചരണ വിഭാഗത്തിൽ പരിചരിച്ചു. ശ്വാസകോശപ്രവർത്തനം പൂർണമാകാത്തതിനാൽ ശ്വസനത്തിന് വെന്റിലേറ്റർ സഹായം, തുടർച്ചയായ ഓക്സിജൻ നൽകൽ, പോഷകാഹാര പിന്തുണ, അണുബാധ നിയന്ത്രണം എന്നിങ്ങനെ അതിസൂക്ഷ്മമായ ശുശ്രൂഷ. ജൂബിലിയിലെ ഗൈനക്കോളജി, നവജാതശിശുരോഗ പരിചരണ വിഭാഗങ്ങളുടെ കൂട്ടായ പരിചരണം. നാലുമാസം തീവ്രപരിചരണ വിഭാഗത്തിൽ വളർന്ന കുഞ്ഞ് സ്വതന്ത്രമായി ശ്വസിക്കാനും പാൽ കുടിക്കാനും തുടങ്ങിയതോടെ വീട്ടിലേക്ക് മടങ്ങാമെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചു. ചികിത്സക്ക് നേതൃത്വം നൽകിയ ഡോ. നെൽബി ജോർജ് മാത്യുവും ഡോ. നീത ജോർജും മറ്റു ഡോക്ടർമാരും നേഴ്സുമാരും അമ്മയുടേയും കുഞ്ഞിന്റേയും ജീവൻ രക്ഷിക്കാൻ സാധിച്ചതിന്റെ ചാരിതാർത്ഥ്യത്തോടെ ആ കുടുംബത്തെ യാത്രയാക്കി.